## 1240

*രീതി: എന്തതിശയമേ ദൈവത്തിൻ*

1 നേരമിരുളുന്നു കൂരിരുളേറുന്നു കൂടെ നീ പാർക്കണമേ
ഇരുൾ മൂടുമീ വേളയിൽ ജ്യോതിയായ് നിന്നെന്നെ ഭദ്രമായ് കാക്കണമേ

2 പോയപകലിലെൻ ജീവിതയാത്രയിൽ പാലനമേകിയോനെ-നാഥാ
ദിവ്യമാം പാലനം നൽകിയീ രാത്രിയിൽ അമ്പോടു കാക്കണമേ-

3 അന്നവസ്ത്രാദിയും ദേഹസുഖങ്ങളും തന്നെന്നെ പോറ്റിയോനെ നിന്റെ
ചാരെയണഞ്ഞു നിൻപാവനനാമത്തെ വാഴ്ത്തി സ്തുതിച്ചിടുന്നേ-

4 ഭീതിയകന്നു നിൻസന്നിധിയിലിന്നു അല്ലലില്ലാതുറങ്ങി-കാലെ
സന്തോഷമോടുണർന്നുന്നത നാഥനെ പാടി സ്തുതിച്ചിടുമേ-

5 അന്ധകാരം ഭൂവിലേറിടുന്നേ നാഥാ കൈവിടാതെ നടത്തി-പുത്തൻ
പൊൻ പ്രഭാതം വരും നേരമതുവരെ അമ്പോടു കാത്തിടണേ-

**P.O.A.**